"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീ.സാദിഖ് കെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ എ(ഇകെഎം) 1390/2023 നമ്പർ കേസിലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2556/2023/LSGD തീയതി,തിരുവനന്തപുരം, 22-12-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023ലെ LSGD/PD/1224/2023-DED Part1 നമ്പർ ഉത്തരവ്
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ (ഇകെഎം) 1390/2023 നമ്പർ കേസിലെ 14.08.2023ലെ അന്തിമ ഉത്തരവ്
3. ശ്രീ.സാദിഖ് കെ സമർപ്പിച്ച 18.08.2023ലെ അപ്പീൽ അപേക്ഷ
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.10.2023ലെ LSGD/PD/54974/2023-DEC2 നമ്പർ കത്ത്
5. 08.11.2023ന് ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ 4ാം നമ്പർ തീരുമാനം

<u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽസെക്രട്ടറിയുടെ പരാമർശം(1) ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും കോഴിക്കോട് കോർപ്പറേഷനിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ സീനിയർ ക്ലർക്ക് ശ്രീ.സാദിഖ് കെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ(ഇകെഎം) 1390/2023 നമ്പർ കേസിലെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവിൽ അപേക്ഷകൻ ഒന്നാം എതിർകക്ഷിയായ സർക്കാർ മുമ്പാകെ ഒരാഴ്ചക്കുള്ളിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുവാനും, ടി അപ്പീൽ പരിശോധിച്ച്, ടിയാൻ നിലവിലെ തസ്തികയിൽ 7 മാസം മുമ്പ് മാത്രമാണ് ജോലിയിൽ പ്രവേശിച്ചത് എന്ന കാര്യം പരിഗണിച്ച് ഒരു മാസത്തിനുള്ളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഉത്തരവായിരുന്നു.

2. തുടർന്ന് അപേക്ഷകൻ പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു . പരാമർശം (1) നടപടിക്രമം പ്രകാരം ടിയാന് കോഴിക്കോട് കോർപ്പറേഷനിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ 23.12.2022 ലാണ് നിലവിൽ ജോലിചെയ്യുന്ന കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജോലിയിൽ പ്രവേശിച്ചതെന്നും നിലവിലെ സ്റ്റേഷനിൽ ജോലിയിൽ പ്രവേശിച്ചിട്ട് 6 മാസം മാത്രമാണ് ആയതെന്നും ഇടത് കണ്ണിന് മാത്രം കാഴ്ചശക്തിയുള്ള ടിയാളുടെ കണ്ണിന് ചികിത്സയും ശസ്ത്രക്രിയകളും നടന്നു വരുന്നതായും ടിയാന്റെ വീട്ടിൽ നിന്നും 60 കിലോമീറ്ററിലധികം ദൂരെയുള്ള കോർപ്പറേഷൻ ഓഫീസിൽ ജോലി ചെയ്യുന്നത് ഭിന്നശേഷിക്കാരനാകയാൽ വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുമെന്നും ആയതിനാൽ കാഴ്ചപരിമിതി ഉൾപ്പെടെയുള്ള ശാരീരിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തന്നെ നിലനിർത്തണമെന്നതാണ് പരാമർശം (3) പ്രകാരമുള്ള് അപ്പീൽ അപേക്ഷയിലെ ആവശ്യം.

3. സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.സാദിഖ്.കെ 31.08.2019 ൽ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതായി ഓൺലൈൻ സ്ഥലം മാറ്റം സംബന്ധിച്ച സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളതായും ആയത് പ്രകാരം അപേക്ഷകൻ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ 3

വർഷത്തെ സേവനം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് പൊതുസ്ഥലം മാറ്റ മാനദണ്ഡമനുസരിച്ച് ടിയാനെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ഒഴിവ് നിലവിലുണ്ടായിരുന്ന കോഴിക്കോട് കോർപ്പറേഷനിലേക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളതെന്നും ഇൻകുമ്പൻസി വിവരങ്ങൾ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നെങ്കിലും ആയത് കൃത്യതയോടെ രേഖപ്പെടുത്താത്തതിനാലാണ് അപേക്ഷകൻ പൊതുസ്ഥലം മാറ്റത്തിൽ ഉൾപ്പെട്ടതെന്നും പൊതുസ്ഥലംമാറ്റത്തിൽ കുന്നമ്മൽ ഗ്രാമപഞ്ചായത്ത് സ്ഥലംമാറ്റം ലഭിക്കുന്നതിന് അപേക്ഷിച്ചിരുന്ന ജീവനക്കാരെയാണ് പൊതുസ്ഥലംമാറ്റ പട്ടികയിൽ ടി സ്റ്റേഷനിലേക്ക് നിയമിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. അപേക്ഷകന്റെ കാഴ്ച പരിമിതി ഉൾപ്പെടെയുള്ള ശാരീരിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് കോഴിക്കോട് ജില്ലയിൽ നിലവിലുള്ളതോ ഉടൻ ഉണ്ടാകുന്നതോ ആയ സൗകര്യപ്രദമായ ഒഴിവിലേക്ക് ടിയാന് നിയമനം നൽകുന്ന കാര്യം പരിഗണിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിന് പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർശം (5) പ്രകാരമുള്ള അപ്പീൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കുന്നമ്മൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീ.സാദിഖ് കെ- യ്ക്ക്, ടിയാളുടെ കാഴ്ച പരിമിതി ഉൾപ്പെടെയുള്ള ശാരീരിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് കോഴിക്കോട് ജില്ലയിൽ നിലവിലുള്ളതോ ഉടൻ ഉണ്ടാകുന്നതോ ആയ സൗകര്യപ്രദമായ ഒഴിവിലേക്ക് ടിയാന് നിയമനം നൽകുന്ന കാര്യം പരിഗണിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു .

6. മേൽപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.അഡ്വക്കേറ്റ് ജനറൽ , എറണാകുളം(ആമുഖകത്ത് സഹിതം)
3.ശ്രീ.സാദിഖ് കെ ,സീനിയർ ക്ലർക്ക് , കുന്നമ്മൽ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
5.ഡയറക്ടർ . ഐ കെ എം
6.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
7.കരുതൽ ഫയൽ (ഫയൽ നം.255/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 23-12-2023 11:05:56